## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം.102

04.02.2019-ൽ മറുപടിക്ക്

### മത്സ്യ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ഹൈബി ഈഡൻ<br>,, എം. വിൻസെന്റ്<br>,, വി.എസ്.ശിവകുമാർ<br>,, അനൂപ് ജേക്കബ് : | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി) |
| (എ) | മത്സ്യബന്ധന ഹാർബറുകളുടെ നടത്തിപ്പിന് മാനേജ്മെന്റ് സൊസൈറ്റി രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | (എ) | കേരളത്തിലെ മത്സ്യബന്ധന തുറമുഖങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിനും പരിപാലനത്തിനും നിരീക്ഷണത്തിനുമായി വിഴിഞ്ഞം, തങ്കശ്ശേരി, നീണ്ടകര, കായംകുളം, ചേറ്റുവ, ബേപ്പൂർ, പുതിയാപ്പ, കൊയിലാണ്ടി, ചോമ്പാൽ, തലായ്, മാപ്പിളബേ, ചെറുവത്തൂർ തുടങ്ങിയ 12 മത്സ്യബന്ധന തുറമുഖങ്ങളിൽ ഹാർബർ മാനേജ്മെന്റ് സൊസൈറ്റികൾ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. |
| (ബി) | മത്സ്യ ലേലവും വിപണനവും നിയന്ത്രിക്കുന്നതിനും മത്സ്യ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി നിയമനിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ; | (ബി) | ഉണ്ട്. കേരള മത്സ്യലേലം, വിപണനം, ഗുണനിലവാര പരിപാലനം എന്ന പേരിൽ നിയമം കൊണ്ടുവരുന്നതാണ്. ടി ബിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തിന്റെ വിവിധയിടങ്ങളിൽ ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കൾ കലർന്ന മത്സ്യം വിൽക്കുന്ന സാഹചര്യവും സർക്കാരിന് ക്രിയാത്മകമായി അതിൽ ഇടപെടുവാൻ സാധിക്കാതെ വന്നതും മൂലമാണോ ഇത്തരം ഒരു നിയമനിർമ്മാണത്തെക്കുറിച്ച് ആലോചിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | വിവിധ ഇടങ്ങളിൽ ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കൾ കലർന്ന മത്സ്യം വിൽക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് സർക്കാർ ഫലപ്രദമായി ഇടപെടുകയും മത്സ്യ വകുപ്പ് ആവശ്യപ്പെട്ടതനുസരിച്ച് കേന്ദ്ര സർക്കാർ സ്ഥാപനമായ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (CIFT) രാസവസ്തുക്കൾ കണ്ടുപിടിക്കുന്നതിന് ലളിതമായ സാങ്കേതിക വിദ്യ വികസിപ്പിച്ചെടുക്കുകയുമുണ്ടായി. ഈ സാങ്കേതിക വിദ്യ ഉപയോഗിച്ച് വിവിധ പ്രദേശങ്ങളിൽ പരിശോധന നടത്തുകയും അനന്തര നടപടികൾ സ്വീകരിക്കുകയും ചെയ്തു. ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻന്റേർഡ് ആക്ട് 2006 പ്രകാരമാണ് മത്സ്യത്തിൽ രാസവസ്തു ചേർത്തുള്ള വില്പന നടത്തുന്നതിനെതിരെ നിലവിൽ |

| | | | |
|---|---|---|---|
| | | | നടപടി കൈകൊ ള്ളുന്നത്. ഇത്തരം പ്രവണത നിയന്ത്രിക്കുന്നതിന് ഇത് പര്യാപ്തവുമാണ്. എന്നാൽ മത്സ്യത്തിന്റെ ഗുണനിലവാരം അവ പിടിച്ചെടുക്കുന്ന സ്ഥലം മുതൽ അന്തിമമായി ഉപഭോക്താക്കളിൽ എത്തുന്നത് വരെ ഉറപ്പാക്കാനും മത്സ്യം പിടിച്ചെടുക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് അർഹമായ വില ലഭിക്കുന്നതിനും ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കുന്ന വിധം ഗുണമേന്മ ഉറപ്പാക്കിയ മത്സ്യവില്പന പ്രോത്സാപ്പിക്കുന്നതിനും ലക്ഷ്യമിട്ടാണ് പുതിയ നിയമനിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**